"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- മതിലകം ബ്ലോക്ക് പഞ്ചായത്തിൽ ലൈഫ് / PMAY- ഗ്രാമീൺ ഗുണഭോക്താക്കൾക്ക് ഐ.എ.വൈ. ഭവന പദ്ധതിയിൽ മിച്ചമുള്ള തുക ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1328/2024/LSGD തീയതി,തിരുവനന്തപുരം, 21-07-2024

പരാമർശം:-

1. മതിലകം ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിയുടെ 18-08-2023, 19-03-2024 തീയതികളിലെ C-3468/23 നമ്പർ കത്തുകൾ
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06-06-2024 ലെ യോഗതീരുമാനം നമ്പർ 4.20

**ഉത്തരവ്**

മതിലകം ബ്ലോക്ക്പഞ്ചായത്തിന് ഐ.എ.വൈ. വിഹിതമായി ലഭിച്ചതിൽ 1,74,53,791 രൂപ ചെലവഴിക്കപ്പെടാതെ മതിലകം ബാങ്ക് ഒഫ് ബറോഡയുടെ രണ്ട് അക്കൗണ്ടുകളിലായി ബാക്കിയുണ്ട്. കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 11-01-2022 ലെ പൊതു തീരുമാനപ്രകാരം ഇങ്ങനെയുള്ള തുക 2021-22 ൽ ലൈഫ് / PMAY(G) പദ്ധതി പ്രകാരമുള്ള വീട് നിർമ്മാണത്തിന് ഉപയോഗിക്കാൻ അനുമതി നൽകിയിരുന്നു. 2021 -22 ലെ ചെലവഴിക്കാതെ മിച്ചമുള്ള തുക 2022-23 വർഷത്തേയ്ക്കു കൂടി ഉപയോഗിക്കാൻ 02-06-2022 ലെ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം അനുമതി നൽകിയെങ്കിലും ലൈഫ് 2020 പ്രകാരമുള്ള ഗുണഭോക്താക്കളിൽ കൂടുതൽ പേരും ഫെബ്രുവരി, മാർച്ച് മാസമാണ് എഗ്രിമെന്റ് വച്ചതെന്നും സാമ്പത്തിക വർഷം അവസാനിക്കാറായതിനാൽ ഗഡുക്കൾ നൽകുന്നതിന് പദ്ധതി വിഹിതമാണ് ഉപയോഗിച്ചതെന്നും പദ്ധതിവിഹിതം തന്നെ മുഴുവൻ ഉപയോഗിക്കാൻ കഴിയാഞ്ഞതിനാൽ IAYൽ മിച്ചമുള്ള തുക 2022-23 വർഷവും വിനിയോഗിക്കാനായില്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് അറിയിക്കുകയും, തുക ചെലവഴിക്കാൻ അനുമതി നൽകുന്നതിനായി മതിലകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06-06-2024 ലെ യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. മതിലകം ബ്ലോക്ക് പഞ്ചായത്തിൽ 2024-25 ൽ

ലൈഫ് / PMAY ഗ്രാമീൺ ഗുണഭോക്താക്കൾക്ക് ഗഡുക്കൾ നൽകുമ്പോൾ IAY യിൽ ചെലവഴിക്കപ്പെടാതെ കിടക്കുന്ന വിഹിതം ആദ്യം ഉപയോഗിക്കണം എന്ന നിബന്ധനയോടെ ഐ.എ.വൈ. ഭവന പദ്ധതിയിൽ മിച്ചമുള്ള തുക ചെലവഴിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 25-07-2024 11:02:45
സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
സെക്രട്ടറി, മതിലകം ബ്ലോക്ക്പഞ്ചായത്ത്, തൃശ്ശൂർ
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്
കരുതൽ ഫയൽ